പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 591** 29-06-2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

# കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം അനുവദിച്ച ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച ഫണ്ട് എത്ര; നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ അനുവദിച്ച തുകയെ സംബന്ധിച്ചും നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള സാമൂഹിക പ്രതിബദ്ധത പദ്ധതികൾ

| ക്രമ നമ്പർ | കമ്പനി | നടപ്പിലാക്കിയിട്ടുള്ള സാമൂഹിക പ്രതിബദ്ധത പദ്ധതികൾ | ചിലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | പഞ്ചായത്തിലെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ, തെരുവ് വിളക്ക് സ്ഥാപിക്കൽ, കുടിവെള്ള പദ്ധതികൾ , മെഡിക്കൽ ക്യാമ്പുകൾ, സ്കൂളുകൾക്കുള്ള ധനസഹായം മുതലായവ | 428.99 |
| 2 | മലബാർ സിമന്റ്സ് ലിമിറ്റഡ് | അംഗവൈകല്യമുള്ളവർക്ക് വേണ്ടി മുച്ചക്രവാഹനങ്ങളുടെ വിതരണം, വിദ്യാഭ്യാസ സഹായ പദ്ധതികൾ, സ്കൂളുകൾക്കുള്ള ധന സഹായം, പെയിൻ പാലിയേറ്റിവ് കെയറിനുള്ള ധനസഹായം തുടങ്ങിയവ | 219.33 |
| 3 | ട്രാവൻകൂർ റൈറ്റാനിയം പ്രൊഡക്ട്സ്, ലിമിറ്റഡ് | പ്രാദേശിക കുടിവെള്ള പദ്ധതികളും, മറ്റ് സമൂഹിക ക്ഷേമപ്രവർത്തനങ്ങളും | 16.61 |
| 4 | കേരള ക്ലേയിസ് ആന്റ് സിറാമിക്സ് പ്രൊഡക്ട് ലിമിറ്റഡ് | പാലിയേറ്റീവ് കെയറിലേക്കുള്ള ധനസഹായം, വിവിധ പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്കുള്ള ക്യാഷ് അവാർഡ്, സ്കൂൾ വിദ്യാർത്ഥികൾക്ക് ബാഗ്, കുട തുടങ്ങിയവ | 16.93 |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് ഷെൽട്ടർ നിർമ്മിച്ച നൽകി | 8.25 |
| 6 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | വിവിധ സ്കൂളുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ, എൽ.സി.ഡി പ്രോജക്ടർ, സ്പീക്കർ, സ്ക്രീൻ, ഫാനുകൾ , വൈറ്റ് ബോർഡുകൾ എന്നിവയും, ഒരു സ്മാർട്ട് ക്ലാസ്സ് റൂമും നിർമ്മിച്ച് നൽകിയിട്ടുണ്ട്. | 22.91 |
| 7 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി സ്കൂൾ ബസുകൾ വാങ്ങി നൽകി. തൃശ്ശൂർ ജില്ലയിൽ മഴവെള്ള സംഭരണി നിർമ്മിച്ച് നൽകി. എച്ച്.ഐ.വി ബാധിതരായ 600 കുട്ടികൾക്കുള്ള സ്കൂൾ കിറ്റുകളും നൽകിയിട്ടുണ്ട്. | 51.79 |

സെക്ഷൻ ഓഫീസർ